# INTERBELL STUDENT SUPPORT MATERIAL

*A JOINT VENTURE OF DIET PALAKKAD & SSK*

**BIOLOGY STD 10**

***FIRST BELL-2 ONLINE CLASS NO :26***

**20-09-2021**




1. ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കാൻസർ ബോധവൽക്കരണ ക്ലാസിൽ പ്രദർശിപ്പിക്കാനുള്ള പ്രസന്റേഷൻ സ്ലൈഡ് തയ്യാറാക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. ചുവടെ ചേർക്കുന്ന ആശയങ്ങൾക്ക് സ്ലൈഡിൽ നിങ്ങൾ എന്ത് വിശദീകരണം നൽകും?
   1) കാൻസർ എന്ന രോഗാവസ്ഥ.
   2) കാൻസറിന്റെ കാരണങ്ങൾ.
   3) കാൻസർ ചികിത്സ.

2. 'കാൻസർ രോഗബാധ ഏറ്റവും നേരത്തെ തിരിച്ചറിയുക എന്നത് കാൻസർ ചികിത്സയിൽ നിർണ്ണായകമാണ്'. എന്തുകൊണ്ട്?

3. "സസ്യ രോഗങ്ങൾ വ്യാപകമാകുന്നത് ഭക്ഷ്യ സുരക്ഷയെ ബാധിക്കും".ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?എന്തുകൊണ്ട് ?

4. പദ ജോഡി ബന്ധം മനസ്സിലാക്കി വിട്ടു പോയ ഭാഗം പൂരിപ്പിക്കുക.

ആന്ത്രാക്സ് : ബാക്ടീരിയ.

കുളമ്പുരോഗം : .......................

5. പട്ടിക ക്രമീകരിക്കുക.

| രോഗകാരി | രോഗം |
|---|---|
| ബാക്ടീരിയ | തെങ്ങിന്റെ കൂമ്പുചീയൽ |
| ഫംഗസ് | വാഴയിലെ കുറുനാമ്പുരോഗം |
| വൈറസ് | വഴുതനയിലെ വാട്ടരോഗം |

6. ഒറ്റപ്പെട്ടത് കണ്ടെത്തി മറ്റുള്ളവയുടെ പൊതുസ്വഭാവം എഴുതുക.

a) ആന്ത്രാക്സ്

b) കുരുമുളകിന്റെ ദ്രുതവാട്ടം

c) അകിടുവീക്കം

7. കൊളാഷ് വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.




(a) ഇത്തരം ശീലങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങൾ എന്തൊക്കെയാണ്?

(b) ഇത്തരം ശീലങ്ങൾ ഒഴിവാക്കേണ്ടതുണ്ടോ?

(c) നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക.

8. പുകവലി ശീലമുള്ളവരിൽ രക്തത്തിൽ ഓക്സിജന്റെ അളവ് കുറയുന്നു. എന്തുകൊണ്ട്?

9. ഒറ്റപ്പെട്ടത് കണ്ടെത്തുക മറ്റുള്ളവയുടെ പൊതുസ്വഭാവം എഴുതുക.

എംഫിസീമ, ബ്രോങ്കൈറ്റിസ്, പക്ഷാഘാതം, ശ്വാസകോശ കാൻസർ

10. പട്ടിക ക്രമീകരിക്കുക.

| രോഗം | കാരണം |
|---|---|
| പ്രമേഹം | തലച്ചോറിലെ രക്തക്കുഴലുകൾപൊട്ടുന്നത്, രക്തപ്രവാഹം തടസ്സപ്പെടുന്നത്. |
| ഫാറ്റി ലിവർ | ഹൃദയത്തിലേക്ക് രക്തം എത്തിക്കുന്നകൊറോണറി ധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി രക്തപ്രവാഹം തടസപ്പെടുന്നു. |
| പക്ഷാഘാതം | കൊഴുപ്പ് അടിഞ്ഞുകൂടുന്നതിനാൽ ധമനികളുടെ വ്യാസം കുറയുന്നത്. |
| അമിതരക്തസമ്മർദ്ദം | കരളിൽ അധിക കൊഴുപ്പ് അടിഞ്ഞു കൂടുന്നു. |
| ഹൃദയാഘാതം | ഇൻസുലിന്റെ കുറവോ പ്രവർത്തന വൈകല്യമോ |




ഫസ്റ്റ്ബെൽ ഓൺലൈൻ ക്ലാസ്
വീണ്ടും കാണാൻ
ഇവിടെ ക്ലിക്ക് ചെയ്യുക

BY OTTAPALAM SHORNUR SU BT